(ബി) കീടനാശിനികളുടെ അനിയന്ത്രിത ഉപയോഗം ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും ദോഷകരമാണ്. പലപ്പോഴും നാം കഴിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളിലെ അവശിഷ്ട വിഷാംശത്തിന്റെ അളവ് നിർദ്ദേശിക്ക പ്പെട്ടിട്ടുള്ളതിലും വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുമൂല മുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നിരവധിയാണ്. വർഷങ്ങളായി തുടർന്നുവരുന്ന അനിയന്ത്രിതമായ കീടനാശിനികളുടെ ഉപയോഗം, ശത്രുകീട ങ്ങളോടൊപ്പം അനേകം മിത്രകീടങ്ങളെയും വിളകളിൽ നിന്നകറ്റി കൂടാതെ അപ്രധാനമായിരുന്ന പല കീടങ്ങളും ശക്തി പ്രാപിച്ച് വിളകൾക്ക് ദോഷകര മാകുന്ന അവസ്ഥയുണ്ടായി. ഇതിനുപുറമേ രാസകീടനാശിനികളുടെ അമിത ഉപയോഗം പരിസര മലിനീകരണവും സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ കർഷകർക്ക് ആരോഗ്യമുള്ള വിളയും ഉപഭോക്താവിന് കീടനാശിനി വിമുക്തമായ കാർഷിക ഉത്പന്നങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആണ് വിള ആരോഗ്യ പരിപാലന പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(സി) കീടരോഗനിയന്ത്രണത്തിൽ രാസപദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നാൽ രാസകീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുകയാണ് ലക്ഷ്യം. സംയോജിത കീടനിയന്ത്രണം, ജൈവ, ജൈവീക, നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്കാണ് മുൻഗണന നൽകുന്നത്. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമായി രാസ കീടനാശിനികളുടെ ഉപയോഗം പരിമിതപ്പെടുത്തും.

പാഠപുസ്തകങ്ങൾ അച്ചടിക്കാനുപയോഗിച്ച കടലാസിന്റെ ഗുണനിലവാരം

29 (*719) ശ്രീ. കെ. രാജു :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്കൂളുകളിൽ വിതരണം ചെയ്യാൻ സർക്കാർ പ്രസ്സിൽ അച്ചടിച്ച പാഠപുസ്തകങ്ങൾക്ക് ഗുണനിലവാരമില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോയെന്നും ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടു ണ്ടെങ്കിൽ അന്വേഷണ വിവരം എന്താണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഗുണനിലവാരമുള്ള 80 ജി.എസ്.എം. പേപ്പർ ഉപയോഗിക്കു ന്നതിനു പകരം 70 ജി.എസ്.എം. പേപ്പറാണ് ഉപയോഗിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുനടപടികളാണ് സ്വീകരിക്കാനു ദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഗുണനിലവാരം കുറഞ്ഞ പേപ്പറിൽ പാഠപുസ്തകങ്ങൾ അച്ചടിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിവരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്.-ൽ ആണ് അച്ചടിക്കുന്നത്. 2014-15 വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിച്ച പേപ്പറിന് ഗുണനിലവാര മില്ലെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ്-ന്റെയും സ്റ്റേഷനറി വകുപ്പിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ഇത് സംബന്ധിച്ച് ഉന്നതതലത്തിൽ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി&സി) 2012-13 വരെ 60 ജി.എസ്.എം. പേപ്പറായിരുന്നു പാഠപുസ്തക അച്ചടിക്ക് ഉപയോഗിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ 2 വർഷങ്ങളിലായി 70 ജി.എസ്.എം. പേപ്പർ ഉപയോഗിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അതനുസരിച്ച് 70 ജി.എസ്.എം. പേപ്പറിലാണ് പാഠപുസ്തകങ്ങൾ അച്ചടിച്ചിട്ടുള്ളത്. എന്നാൽ പേപ്പറിന്റെ കാലപ്പഴക്കം (2011-ൽ വന്ന 76 സെ.മി X 70 ജി. എസ്. എം.) കാരണം പേപ്പർ ഷെയിഡിൽ മാറ്റം വന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാഠപുസ്തക അച്ചടിക്ക് ഉപയോഗിക്കുന്ന പേപ്പറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

വിത്തുമുതൽ വിപണിവരെ എന്ന സമഗ്ര വികസന പദ്ധതി

30 (*720) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വിത്ത് മുതൽ വിപണിവരെ എന്ന ഒരു സമഗ്ര വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത് ; വിശദമാക്കുമോ ;

(ഡി) വിത്തുമുതൽ വിപണിവരെ എന്ന സമഗ്ര വികസന പദ്ധതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ-ഡി) വിത്തുമുതൽ വിപണിവരെ എന്ന ആശയം ഉൾക്കൊള്ളുന്ന 'നിറവ്' എന്ന പേരിൽ ഒരു പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുവരെ 42 നിയോജകമണ്ഡലങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതികൊണ്ട് ഓരോ പ്രദേശത്തിന്റെയും മണ്ണിന്റെ പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly